# പതിനാലാം കേരള നിയമസഭ

## നാലാം സമ്മേളനം

**നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം. *45 28.02.2017- ൽ മറുപടിക്ക്**

**"വ്യവസായ വളർച്ചയ്ക്ക് അനുകൂലമായ സാഹചര്യം സൃഷ്ടിക്കാനുള്ള പദ്ധതികൾ"**

**ചോദ്യം** **ഉത്തരം**

**ശ്രീ.വി. കെ. സി. മമ്മത് കോയ**
**,, ജോൺ ഫെർണാണ്ടസ്**
**,, വി. ജോയി**
**,, പി.വി. അൻവർ**

**ശ്രീ. എ.സി.മൊയ്തീൻ**
**(വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പ് മന്ത്രി)**

| | | | |
|---|---|---|---|
| എ) | സംസ്ഥാനത്ത് വ്യവസായ വളർച്ചയ്ക്ക് അനുകൂലമായ സാഹചര്യം സൃഷ്ടിക്കാനായി ആവിഷ്കരിച്ചിട്ടുള്ള പദ്ധതികൾ എന്തൊക്കെയാണ്; വ്യവസായ നയത്തിന് രൂപം നൽകിയിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ; | എ) | സംസ്ഥാനത്ത് വ്യവസായ വളർച്ചയ്ക്ക് അനുകൂലമായ സാഹചര്യം സൃഷ്ടിക്കുന്നതിനായി 24 പദ്ധതികൾ നിലവിൽ ഉണ്ട്. ഇതിൽ തുടർന്ന് വരുന്ന 19 പദ്ധതികളും 2016-17 സാമ്പത്തിക വർഷം മുതൽ ആരംഭിച്ച 5 പദ്ധതികളുമാണുള്ളത്.<br>വ്യവസായ നയത്തിന് രൂപം നൽകുന്നത് സംബന്ധിച്ച വിഷയം സർക്കാർ പരിശോധിച്ചുവരുന്നു. |
| ബി) | ഈ സാമ്പത്തിക വർഷം, സൂക്ഷ്മ, ചെറുകിട, ഇടത്തരം വ്യവസായ രംഗത്ത് ആരംഭിക്കാൻ ലക്ഷ്യമിട്ട 15000 യൂണിറ്റുകളിൽ എത്രയെണ്ണം പ്രാവർത്തികമായി എന്ന് അറിയിക്കുമോ; | ബി) | ഈ സാമ്പത്തിക വർഷം, സൂക്ഷ്മ, ചെറുകിട, ഇടത്തരം വ്യവസായ രംഗത്ത് ആരംഭിക്കാൻ ലക്ഷ്യമിട്ട 15000 യൂണിറ്റുകളിൽ നാളിതുവരെ 13052 യൂണിറ്റുകൾ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. |
| സി) | വ്യവസായ സംരംഭങ്ങൾ തുടങ്ങുന്നതിനുള്ള അതിവേഗ അനുമതിക്കായി ആരംഭിച്ച ഏക ജാലക സംവിധാനം | സി) | ഉണ്ട് |

| | | | |
|---|---|---|---|
| | ഫലപ്രദമായി പ്രവർത്തിക്കുന്നുണ്ടോ; | | |
| ഡി) | പാരിസ്ഥിതികനാശം ഉണ്ടാക്കാത്ത വ്യവസായങ്ങളുടെ പ്രോത്സാഹനത്തിനായി പരിപാടി ആവിഷ്കരിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ? | ഡി) | പാരിസ്ഥിതിക നാശം താരതമ്യേന കുറഞ്ഞ വ്യവസായങ്ങളായ കാർഷിക ഭക്ഷ്യ സംസ്കരണ വ്യവസായങ്ങൾ, റെഡിമെയ്ഡ് വസ്ത്രങ്ങൾ, ജൈവ സാങ്കേതിക വ്യവസായങ്ങൾ, ജൈവവള വ്യവസായം, പ്ലാസ്റ്റിക് പുന:ചംക്രമണ വ്യവസായങ്ങൾ, പാരമ്പര്യേതര ഊർജ്ജ ഉൽപ്പാദനത്തിനുള്ള യന്ത്രങ്ങളും ഉപകരണങ്ങളും നിർമ്മിക്കുന്ന വ്യവസായം, ജൈവ വിഘടന പ്ലാസ്റ്റിക് വ്യവസായങ്ങൾ എന്നിവയെ സംരംഭകത്വ വികസന സഹായ പദ്ധതി പ്രകാരം മുൻഗണനാ ലിസ്റ്റിൽ ഉൾപ്പെടുത്തി 10% അധിക സബ്സിഡി പരമാവധി 10 ലക്ഷം രൂപ വരെ അധിക സഹായമായി നൽകിവരുന്നു. |

**സെക്ഷൻ ഓഫീസർ**